പത്രക്കുറിപ്പ്
28-03-2018

# ഗ്രാമീണ ഉൽപന്നങ്ങളുടെ പ്രദർശനവും വിപണനവും: കുടുംബശ്രീ ദേശീയ സരസ് മേളക്ക് പാലക്കാട്ട് തുടക്കം

---

*** മാർച്ച് 29 മുതൽ ഏപ്രിൽ 7 വരെ പട്ടാമ്പി മുനിസിപ്പൽ മൈതാനിയിൽ**

തിരുവനന്തപുരം: കുടുംബശ്രീയുടെ നേതൃത്വത്തിൽ മാർച്ച് 29 മുതൽ ഏപ്രിൽ എഴു വരെ പാലക്കാട് ജില്ലയിലെ പട്ടാമ്പി മാർക്കറ്റിന് സമീപമുള്ള മൈതാനിയിൽ 'സരസ്' -ഉൽപന്ന-പ്രദർശന-വിപണനമേള സംഘടിപ്പിക്കുന്നു. മാർച്ച് 29 വൈകിട്ട് നാലു മണിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി ജലീൽ സരസ് മേള ഉദ്ഘാടനം ചെയ്യും.

'ഗ്രാമീണ ഉൽപന്നങ്ങൾ മുഴുവൻ ഒരു കുടക്കീഴിൽ' എന്ന ആശയത്തെ പ്രോത്സാഹിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നതിനു വേണ്ടിയാണ് ദേശീയ സരസ് മേള സംഘടിപ്പിക്കുന്നത്. ഗ്രാമീണമേഖലയിലെ അയൽക്കൂട്ടങ്ങൾ, സ്വയംസഹായ സംഘങ്ങൾ, പരമ്പരാഗത കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവർക്ക് സ്ഥിരവരുമാനലഭ്യതയും ജീവിതപുരോഗതിയുമാണ് സരസ് ഉൽപന്ന-പ്രദർശന-വിപണനമേള വഴി ലക്ഷ്യമിടുന്നത്. ഗ്രാമീണ ഉൽപന്നങ്ങളെ നഗരപ്രദേശങ്ങളിലുള്ളവർക്ക് പരിചയപ്പെടുത്തുക, ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണിയും സ്വീകാര്യതയും നേടുക എന്നതും സരസ്മേളയുടെ ലക്ഷ്യമാണ്. മുൻവർഷങ്ങളിൽ മലപ്പുറത്തും കൊല്ലത്തും സംഘടിപ്പിച്ച സരസ് മേള ജനകീയ പങ്കാളിത്തം കൊണ്ട് വൻവിജയമായിരുന്നു. ഇത്തവണ സരസ്മേളയിൽ നിന്നും ആറു കോടി രൂപയുടെ വിറ്റുവരവാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്.

അയൽക്കൂട്ട-സ്വയംസഹായ അംഗങ്ങൾ/സംരംഭകർ എന്നിവർക്ക് തങ്ങൾ നിർമിക്കുന്ന ഉൽപന്നങ്ങൾ ഇടനിലക്കാരില്ലാതെ നേരിട്ട് ഉപഭോക്താക്കളിലേക്കെത്താൻ സരസ് മേള വേദിയൊരുക്കുന്നു എന്നതാണ് സരസ് മേളയുടെ നേട്ടം. ഇങ്ങനെ നേരിട്ടുള്ള വിൽപന കൂടാതെ ബാഹ്യവിപണികളുമായി ആരോഗ്യകരമായ രീതിയിൽ പുതിയ വ്യാപാരബന്ധങ്ങൾ രൂപപ്പെടുത്തുന്നതിനും തങ്ങളുടെ ഉൽപന്നങ്ങൾ കൂടുതലായി വിറ്റഴിക്കുന്നതിനുള്ള പുതിയ അവസരങ്ങളൊരുക്കുന്നതിനും സരസ്മേള സഹായകരമാകുന്നു. ഇതിലൂടെ സംരംഭകർക്ക് കൂടുതൽ വരുമാനലഭ്യതയും ജീവിതാഭിവൃദ്ധിയും നേടുന്നതിനും അവർക്ക് വികസനവും ക്ഷേമവും ഉറപ്പാക്കുന്നതിലും സരസ്മേള വലിയ പങ്കു വഹിക്കുന്നു.

കേരളം ഉൾപ്പെടെ 25 സംസ്ഥാനങ്ങളിൽ നിന്നായി 250 സ്റ്റാളുകൾ സരസ് മേളയിലുണ്ടാകും. ഇതിൽ നൂറോളം സ്റ്റാളുകൾ ഇതരസംസ്ഥാനങ്ങൾക്കുള്ളതാണ്. കൂടാതെ കേരളത്തിൽ നിന്നുള്ള സംരംഭകരുടെ 75 സ്റ്റാളുകളും ഗ്രാമവികസന വകുപ്പിന്റെ കീഴിലുള്ള സംരംഭകരുടെ നാൽപതോളം സ്റ്റാളുകളും ഉണ്ട്. ഓരോ സംസ്ഥാനത്തിന്റെയും സംസ്കാരവും തനിമയും വ്യക്തമാക്കുന്ന കരകൗശല വസ്തുക്കൾ, കലാരൂപങ്ങൾ, ആഭരണങ്ങൾ, തുണിത്തരങ്ങൾ, ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ തനതു പൗരാണിക ഭംഗി പ്രകടിപ്പിക്കുന്ന ഗൃഹോപകരണങ്ങൾ, നിത്യോപയോഗ സാധനങ്ങൾ എന്നിവയുൾപ്പെടെ വ്യത്യസ്തവും വൈവിദ്ധ്യവുമാർന്ന ഉൽപന്നങ്ങളുടെ വമ്പിച്ച ശ്രേണി പ്രദർശനത്തിനും വിപണനത്തിനുമായി മേളയിൽ അണിനിരക്കും. ഇതോടൊപ്പം കുടുംബശ്രീ സംരംഭകർ ഉൽപാദിപ്പിക്കുന്ന നാടൻ ഭക്ഷ്യോൽപന്നങ്ങളും മേളയിൽ ഉണ്ടാകും.

എല്ലാവിധ സജ്ജീകരണങ്ങളോടും കൂടിയ പവിലിയനും ഫുഡ്കോർട്ടുമാണ് മേളയുടെ പ്രധാന ആകർഷണം. 70000 ചതുരശ്ര അടി വിസ്തീർണത്തിലാണ് പവിലിയന്റെ ക്രമീകരണം. ഉൽപന്ന പ്രദർശന വിപണനം നടത്തുന്ന സ്റ്റാളുകൾക്കൊപ്പം 22 സ്റ്റാളുകൾ അണിനിരക്കുന്ന ഫുഡ്കോർട്ട്

സരസ് മേളയിൽ പ്രധാനമാണ്. ഇതിൽ കേരളത്തിൽ നിന്നുള്ള 13 സ്റ്റാളുകളും ഇതര സംസ്ഥാന ങ്ങളിൽ നിന്നുള്ള ഒമ്പതു സ്റ്റാളുകളും ഉണ്ടാകും. മേളയിലെത്തുന്നവർക്ക് ഇതരസംസ്ഥാനങ്ങളുടെ പരമ്പരാഗത ഭക്ഷ്യവിഭവങ്ങളും തിരുവിതാംകൂർ-കൊച്ചി മലബാർ വിഭവങ്ങൾ ആസ്വദിക്കാനുള്ള അവസരവും ലഭ്യമാകും. സരസ്മേളയോടുബന്ധിച്ച് എല്ലാ ദിവസവും വൈകുന്നേരം വിവിധ കലാപരിപാടികളും പവിലിയനോട് ചേർന്നുള്ള വേദിയിൽ അരങ്ങേറും.

പവലിയനിൽ ഉൽപന്ന പ്രദർശന വിപണന സ്റ്റാളുകൾ കൂടാതെ റിസപ്ഷൻ, ഓഫീസ് റൂം, പോലീസ് എയ്ഡ് പോസ്റ്റ്, മെഡിക്കൽ റൂം, ക്ലോക്ക് റൂം, ഫുഡ് കോർട്ട് എന്നിവയുമുണ്ടാകും. കൂടാതെ വിവിധ സർക്കാർ വകുപ്പുകളിലൂടെ ലഭ്യമാകുന്ന സേവനങ്ങളെ കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി പ്രദർശന സ്റ്റാളുകളും ഉണ്ടാകും. മേളയിൽ പങ്കെടുക്കുന്നവരുടെയും സന്ദർശകരുടെയും സുരക്ഷയ്ക്കായി പോലീസിന്റെയും ഫയർഫോഴ്സിന്റെയും മുഴുവൻ സമയ സേവനവും ഉറപ്പാക്കിയിട്ടുണ്ട്. വൊളണ്ടിയർമാരായി കുടുംബശ്രീ വനിതകളെയും സജ്ജീകരിച്ചിട്ടുണ്ട്. മേളയിലുടനീളം ശുചിത്വം നിർബന്ധമായും നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രീൻപ്രോട്ടോകോൾ അനുസരിച്ചായിരിക്കും പ്രദർശന നഗരിയിലെ മുഴുവൻ പ്രവർത്തനങ്ങളും. ഇതിന്റെ ഭാഗമായി സരസ് മേളയിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണമായും നിരോധിക്കും. പകരം തുണി, പേപ്പർ ബാഗ് എന്നിവയാകും ഉപയോഗിക്കുക. മേള പൂർണമായും പരിസ്ഥിതി സൗഹൃദപരമാക്കുന്നതിനും ഫലപ്രദമായ മാലിന്യനിർമ്മാർജനത്തിനും ശുചിത്വമിഷനുമായി ചേർന്ന് ഇതിനകം പ്രത്യേക കർമപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. രാവിലെ ഒമ്പതു മണി മുതൽ രാത്രി എട്ടു മണിവരെ യായിരിക്കും സന്ദർശന സമയം. പ്രവേശനം സൗജന്യമാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ